**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഇരിക്കൂർ താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | നബാർഡ് ധനസഹായത്തോടെയുള്ള സി.എച്ച്.സി കെട്ടിട നിർമ്മാണത്തിനായി 14.10.2020-ലെ സ.ഉ(സാധാ)നം.1894/ 2020/ആ.കു.വ പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കി ആരോഗ്യവകുപ്പിന്റെ അനുമതി നേടിയിട്ടുണ്ട്. പ്രവൃത്തിയുടെ മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിനെ ഏൽപ്പിക്കുകയും ടെന്റേറ്റീവ് ഡ്രോയിംഗ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പുതിയ കെട്ടിട നിർമ്മാണത്തിനാവശ്യമായ ആർക്കിടെക്ചറൽ ഡ്രോയിംഗ്, ടെന്റേറ്റീവ് സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിംഗ് എന്നിവ ലഭ്യമായിട്ടുണ്ട്. |
| (സി) | കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ; | (സി) | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ഡി) | ആശുപത്രി കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ